# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2904 13.03.2020-ൽ മറുപടിയ്ക്ക്

## മത്സ്യകർഷകർക്ക് നൽകുന്ന സഹായങ്ങൾ

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പുതുതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്കായി ഫിഷറീസ് വകുപ്പ് ചെയ്തു നൽകുന്ന സഹായങ്ങൾ വ്യക്തമാക്കാമോ; | എ) പുതിയതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്ക് മത്സ്യകൃഷി സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ കൃഷിയിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കൃഷി ചെയ്യുന്നതിനുമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക്, തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ അക്വാ കൾച്ചർ പ്രമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി മത്സ്യകൃഷി ആരംഭിക്കാൻ താല്പര്യമുള്ളവരുടെ കൃഷിയിടം സന്ദർശിച്ച് അവരുടെ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിന്റേയും മറ്റ് ഭൗതീക സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഏത് മത്സ്യകൃഷിയാണ് യോജിക്കുകയെന്നതിൽ ആവശ്യമായ നിർദ്ദേശം നൽകുന്നു. നിലവിലുള്ള പദ്ധതികളെപ്പറ്റി ബോധവത്ക്കരണം നടത്തുകയും ആയത് പ്രകാരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ കർഷകന് പദ്ധതി തുകയുടെ 40% ഗ്രാൻറായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നു. അക്വാകൾച്ചർ പ്രമോട്ടർമാർ, പ്രൊജക്ട് കോർഡിനേറ്റർമാർ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, നോഡൽ ഓഫീസർ എന്നിവർ കൃഷിയിടം സന്ദർശിച്ച് കർഷകന് മത്സ്യകൃഷി സംബന്ധിച്ച എല്ലാ അറിവുകളും പകർന്ന് നൽകുകയും ചെയ്യുന്നു. |
| ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങൾ ഫിഷറീസ് വകുപ്പ് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിരവധി ക്ലാസ്സുകൾ, ട്രെയിനിംഗുകൾ എന്നിവ നൽകി വരുന്നുണ്ട്. പഞ്ചായത്ത് തലത്തിലുള്ള പ്രമോട്ടർമാർ മുതൽ ജനകീയ മത്സ്യകൃഷി നോഡൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ മത്സ്യകൃഷിയിടങ്ങൾ |

പതിവായി സന്ദർശിക്കുകയും കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ കൃഷി രീതിയിലുള്ള കർഷകരെ ഉൾപ്പെടുത്തി വാട്സ്അപ് ഗ്രൂപ്പുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകി വരുന്നുണ്ട്. വയനാട് ജില്ലയിൽ മത്സ്യകർഷകരുടെ കൃഷിയിടത്തിന്റെ അളവും മറ്റ് ഭൗതീക സാഹചര്യങ്ങളുമനുസരിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുന്ന കർഷകർക്ക് പദ്ധതി അടങ്കലിന്റെ 40% തുക ഗ്രാന്റായി കർഷകർക്ക് നൽകുന്നുണ്ട്. കൃഷികാലയളവിൽ കർഷകർക്ക് വേണ്ട എല്ലാ ഉപദേശങ്ങളുമായി ഫിഷറീസ് വകുപ്പ് നിലകൊള്ളുന്നുണ്ട്. കൂടാതെ മത്സ്യകർഷകരുടെ കൃഷിയിടം രജിസ്റ്റർ ചെയ്യുന്നതിനും കൃഷിയ്ക്കുള്ള ലൈസൻസ് നൽകുന്നതിനും ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 5 യൂണിറ്റ് കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, ഒരു യൂണിറ്റ് പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2017-18 മുതൽ നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 2017-18 വർഷത്തിൽ 29.38 ഹെക്ടറിൽ മോഡൽ ഫിഷ് ഫാം, 155 ഹെക്ടറിൽ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടറിൽ വലിയകുളങ്ങളിലെ മത്സ്യകൃഷി നടപ്പിലാക്കി. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഏഴ് ഘടക പദ്ധതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി 25 ഹെക്ടർ, 1 ഹെക്ടർ പംഗേഷ്യസ് കൃഷി, 1 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 10 യൂണിറ്റ് പടുതാകുളങ്ങളിലെ കരിമീൻ കൃഷി, 1 ഹെക്ടർ കാർപ്പ് റിയറിംഗ് യൂണിറ്റ്, 0.3 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി, 1 യൂണിറ്റ് ലൈവ് ഫിഷ് മാർക്കറ്റ് എന്നിവ ഉൾപ്പെടുന്നു. 2019-20 വർഷത്തിൽ ജില്ലയിൽ 4.38 ഹെക്ടർ സ്ഥലത്ത് പംഗേഷ്യസ് കൃഷി, 1.3 ഹെക്ടർ സ്ഥലത്ത് ഗിഫ്റ്റ് തിലാപ്പിയ കൃഷി, 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 1.4 ഹെക്ടറിൽ സ്റ്റൻഡഡ് കാർപ്പ് കൃഷി, 2.86 ഹെക്ടറിൽ ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി, 16 യൂണിറ്റ് ശുദ്ധജല കൂട് കൃഷി, 55 ഹെക്ടറിൽ വിശാല മത്സ്യകൃഷി, എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3.1 ഹെക്ടറിൽ

| | | | |
|---|---|---|---|
| | | | കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, 3 ഹെക്ടറിൽ പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2018-19 വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ 2018-19 വർഷത്തെ പ്രളയത്തിൽ കൃഷി നശിച്ചുപോയ കർഷകർക്ക് താങ്ങായി മത്സ്യകൃഷി പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കി. ഇതിൽ 53.5 ഹെക്ടർ കാർപ്പ് മത്സ്യകൃഷിയും, 0.3 ഹെക്ടർ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി യൂണിറ്റും ഉൾപ്പെട്ടിട്ടുണ്ട്. |
| സി) | ഫിഷറീസ് വകുപ്പിന്റെ കണക്ക് പ്രകാരം വയനാട് ജില്ലയിൽ നിലവിൽ ആകെ എത്ര മത്സ്യകർഷകരുണ്ട് എന്ന് അറിയിക്കാമോ? | സി) | 4510 |

**സെക്ഷൻ ആഫീസർ**